15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044 | 07-12-2022 - ൽ മറുപടിയ്ക്ക്

ബഫർസോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ സംരക്ഷിത മേഖലകൾക്കുചുറ്റും ഒരു കിലോമീറ്റർ പരിധിയിൽ ബഫർസോൺ നടപ്പിലാക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 23 സംരക്ഷിത പ്രദേശങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളിൽ ആശങ്കകൾ സൃഷ്ടിക്കുമെന്നത് ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായും കേന്ദ്ര എംപവേർഡ് കമ്മിറ്റിയുമായും ബഹു. സുപ്രീം കോടതിയുമായും ബന്ധപ്പെട്ട് നടത്തി വരുകയാണ്.<br>ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ടി യോഗത്തിലെ തീരുമാന പ്രകാരം, ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിൻറെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന |

റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിരുന്നു.

ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിരുന്നു. ബഹു. സുപ്രീം കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

10-08-2022-ലെ സർക്കാർ ഉത്തരവ് സാധാ നം.44/2022/വനം പ്രകാരം ഈ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിൻറെ അടിസ്ഥാനത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ സമിതിയും സങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | വിദഗ്ദ്ധ പരിശോധന സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലും യോഗം ചേരുകയും പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന സംബന്ധിച്ച വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്തുവാനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതത്തിനു ചുറ്റുമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള വനാതിർത്തിയിൽ നിന്ന് വനത്തിനുള്ളിലേയ്ക്ക് അര കിലോമീറ്ററോ ഒരു കിലോമീറ്ററോ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തി വന്യമൃഗ ആക്രമണത്തിൽ നിന്ന് ജനങ്ങളെയും കൃഷിയിടങ്ങളെയും സംരക്ഷിക്കണമെന്ന കർഷകരുടെയും കർഷകസംഘടനകളുടെയും അഭ്യർത്ഥന സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (ബി) | പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) വനത്തിനുള്ളിലേക്ക് മാത്രമായി പരിമിതപ്പെടുത്തി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നിലവിൽ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. ജനവാസമേഖലകൾ പൂർണ്ണമായും കൂടാതെ കൃഷിയിടങ്ങളും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. |
| (സി) | സെൻട്രൽ എംപവേർഡ് കമ്മിറ്റി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, സുപ്രീംകോടതി എന്നീ സംവിധാനങ്ങളെ ബഫർസോൺ സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; അയൽ സംസ്ഥാനങ്ങളുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 |

| | | | |
|---|---|---|---|
| | | | നമ്പർ കേസിലെ I.A .1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ അയൽ സംസ്ഥാനങ്ങളുമായി ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ